"ഭരണഭാഷ - മാതൃഭാഷ"
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
ടെലഫോൺ നം. : 0471 - 2514385
ഇമെയിൽ - cerees@kseb.in വെബ്. സൈറ്റ് : www.kseb.in
CIN : U40100KL2011SGC027424

## സംഗ്രഹം

വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്ന 50 മെഗാവാട്ട് സോളാർ പ്രോജക്ട് – എൻ.എച്ച്.പി.സി യ്ക്ക് സ്ഥലം കൈമാറുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു;

---

**കോർപറേറ്റ് ഓഫീസ് ((റിന്യൂവബ്ൾ എനർജി &എനർജി സേവിംഗ്സ്)**

**ബോർഡ് ഓർഡർ (എഫ്.റ്റി.ഡി.)നം.. 145 /2021 – സി.ഇ (ആർ.ഇ.ഇ.എസ്/എ.ഇ.ഇ. 8/ വെസ്റ്റ് കല്ലട/2020-21/ തിരുവനന്തപുരം തീയതി : 19.02.2021**

---

പരാമർശം:

1. ബോർഡ് ഉത്തരവ് നമ്പർ (72/2021 (CE (REES)/AEE.8/West Kallada/20-21/Tvpm dtd. 25.01.2021
2. ചീഫ് കോ-ഓർഡിനേറ്റർ, ലാൻഡ് മാനേജ്മെന്റ് യൂണിറ്റ്, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി.എൽ ന് സമർപ്പിച്ച നം. LMU/08/West Kallada FS/2021 03.02.2021 കുറിപ്പ്.
3. ചീഫ് എഞ്ചിനീയർ (റിന്യൂവബ്ൾ എനർജി & എനർജി സേവിംഗ്സ്)- മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച നം. സി.ഇ (ആർ.ഇ.ഇ.എസ്/ എ.ഇ.ഇ. 8/ വെസ്റ്റ് കല്ലട/2020-21/ തീയതി 06.02.2021 കുറിപ്പ് (അജൻഡ 46/2/21)
4. ലിഗൽ അഡ്വൈസറുടെ 09.02.2021 ലെ എൽ.എ & ഡി.ഇ.ഒ/ ആർ/11/ 2021/23 –ാം നമ്പർ കുറിപ്പ്

## ഉത്തരവ്

വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കുന്ന 50 മെഗാവാട്ട് സോളാർ പ്രോജക്ടിന്റെ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 25.01.2021 ന് പടിഞ്ഞാറേ കല്ലട ശ്രീനാരായണ സെൻട്രൽ സ്കൂളിൽ പദ്ധതി ഗുണഭോക്താക്കളുടെ രേഖാ പരിശോധന 3 റിട്ടേർഡ് തഹസിൽദാർമാർ, 5 റിട്ടേർഡ് ഡെപ്യൂട്ടി തഹസിൽദാർമാർ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ചു. വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് അധീനതയിലുള്ളതായി കാണുന്ന 18.814 ഏക്കർ ഉൾപ്പെടെ 294.234 ഏക്കർ സ്ഥലമാണ് എൻ.എച്ച്.പി.സി യ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായിട്ടുള്ളത്. 417 ഗുണഭോക്താക്കൾ ഉള്ളതായി കണക്കാക്കിയിരിക്കുന്നു. ആയതിൽ 25.01.2021 മുതൽ 30.01.2021 വരെ നടത്തിയ രേഖാ പരിശോധനയിൽ ആകെ 150 ഗുണഭോക്താക്കളാണ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. 150 ഗുണഭോക്താക്കൾ ഹാജരായതിൽ 64 പേർ മാത്രമാണ് 2020-21 വർഷത്തെ കരം ഒടുക്കിയ രസീത് ഹാജരാക്കിയിട്ടുള്ളത്. പടിഞ്ഞാറേ കല്ലട വില്ലേജിൽ റീ സർവ്വേ റിക്കോർഡുകൾ തയ്യാറാക്കിയിട്ടുള്ളത് 1999 ൽ ആണ്. ആ കാലഘട്ടത്തിൽ

സ്ഥലം ആരുടെ പേരിലായിരുന്നുവോ അവരുടെ തന്നെ പേരിലാണ് സ്ഥലത്തിന്റെ തണ്ടപ്പേർ പിടിച്ചിട്ടുള്ളത്. ഈ സ്ഥലം വെള്ളക്കെട്ട് നിറഞ്ഞ് ഒന്നായി കിടക്കുന്ന പ്രദേശമാണ്. അതിനാൽ സ്ഥലം ആർക്കും ഐഡന്റിഫൈ ചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. തൻമൂലം ടി കാലയളവിൽ കരം അടയ്ക്കുന്നതിനോ പോക്കുവരവ് നടത്തുന്നതിനോ ആർക്കും കഴിഞ്ഞിട്ടില്ല.

സ്വന്തം ഭൂമിക്ക് മാത്രമായി കരം ഒടുക്കാൻ സാധിക്കാത്ത കേസുകളിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണനയ്ക്കായി സൂചന (2) കുറിപ്പ് പ്രകാരം ചീഫ് കോ-ഓർഡിനേറ്റർ, ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് സമർപ്പിച്ചു.

1. കൂട്ടുതണ്ടപ്പേരുകളിൽ ഒന്നായി കിടക്കുന്ന സ്ഥലത്തിന്റെ ആധാരം (മുന്നാധാരവും ലഭ്യമാണെങ്കിൽ) പരിശോധിച്ച് അവരിൽ ആരെങ്കിലും മരണപ്പെട്ട് പോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബാംഗത്വ സർട്ടിഫിക്കേറ്റ് വില്ലേജിൽ നിന്നും വാങ്ങി ടി ഭാഗത്തിന്റെ അവകാശികളെയും കൂട്ടിച്ചേർത്ത് (സമ്മതപത്രം വാങ്ങി) ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുക.
2. കൂട്ടുതണ്ടപ്പേരിൽ ഉൾപ്പെടുന്ന ആരെങ്കിലും സ്വദേശത്തില്ലെങ്കിൽ അവരുടെ അംഗീകൃത അധികാരികൾ മുഖേന ലഭിക്കുന്ന മുക്ത്യാർ പ്രകാരം അവരെയും ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുക.
3. കൂട്ടുതണ്ടപ്പേരിൽ ഉൾപ്പെടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തെ വ്യക്തികളുടെ എണ്ണത്തിനാനുപാതികമായി ഭാഗിച്ച് ലാഭവിഹിതം നൽകുക
4. തണ്ടപ്പേരിൽ ഉൾപ്പെട്ടുവരുന്ന ഏതെങ്കിലും വ്യക്തി മരിച്ചു പോയിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ കുടുംബാംഗ സർട്ടിഫിക്കേറ്റ് വാങ്ങി ടി അവകാശികളെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ആനുപാതികമായി ചേർക്കുക.
5. ടി സ്ഥലം വെള്ളക്കെട്ടായി മാറിയിട്ട് ഏതാണ്ട് കാൽനൂറ്റാണ്ട് ആയി കഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ ആധാരമുൾപ്പെടെയുള്ള യാതൊരു രേഖകളും കൈവശമില്ലാത്തവരും സ്ഥലമുടമകളായി കാണുന്നു. അവരുടെ സമ്മതപത്രം വാങ്ങി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അവർക്ക് ആനുകൂല്യം നൽകുന്നതാണെന്ന വ്യവസ്ഥ ചെയ്യുക
6. ഗുണഭോക്താക്കളുടെ ലിസ്റ്റ് വില്ലേജ് ഓഫീസർക്ക് നൽകുകയാണെങ്കിൽ ഓരോ കേസിന്റെയും നിജസ്ഥിതി പ്രത്യേകമായി തയ്യാറാക്കി നൽകുന്നതാണെന്ന് വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ അഭിപ്രായം അധികാരികമായി കണക്കാക്കാവുന്നതാണ്.

മേൽ പരാമർശം (3) പ്രകാരം ചീഫ് എഞ്ചിനീയർ (റിന്യൂവബ്ൾ എനർജി & എനർജി സേവിംഗ്സ്) മുഴുവൻ സമയ ഡയറക്ടർമാർക്ക് കുറിപ്പ് സമർപ്പിച്ചിരുന്നു. ലീഗൽ അഡ്വൈസറുടെ അഭിപ്രായം ആരായാൻ നിർദ്ദേശിച്ചു. സൂചന (4) കുറിപ്പ് പ്രകാരം ലീഗൽ അഡ്വൈസർ മേൽ അഞ്ചാമത്തെ നിർദ്ദേശം ഒഴിവാക്കാൻ നിർദ്ദേശിച്ചു. 15.02.2021 ൽ കൂടിയ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം ഇത് പരിഗണിച്ച് വെസ്റ്റ് കല്ലട 50 മെഗാവാട്ട് സോളാർ പദ്ധതിയ്ക്കായി സ്ഥലം കൈമാറുന്നതിന് സ്വന്തം ഭൂമിയ്ക്ക് മാത്രമായി കരം ഒടുക്കാൻ കഴിയാത്ത കേസുകളിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. കൂട്ടുതണ്ടപ്പേരുകളിൽ ഒന്നായി കിടക്കുന്ന സ്ഥലത്തിന്റെ ആധാരം (മുന്നാധാരവും ലഭ്യമാണെങ്കിൽ) പരിശോധിച്ച് അവരിൽ ആരെങ്കിലും മരണപ്പെട്ട് പോയിട്ടുണ്ടെങ്കിൽ അവരുടെ കുടുംബാംഗത്വ സർട്ടിഫിക്കേറ്റ് വില്ലേജിൽ നിന്നും വാങ്ങി ടി ഭാഗത്തിന്റെ

അവകാശികളെയും കൂട്ടിച്ചേർത്ത് (സമ്മതപത്രം വാങ്ങി) ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുക.

2. കൂട്ടുതണ്ടപ്പേരിൽ ഉൾപ്പെടുന്ന ആരെങ്കിലും സ്വദേശത്തില്ലെങ്കിൽ അവരുടെ അംഗീകൃത അധികാരികൾ മുഖേന ലഭിക്കുന്ന മുക്ത്യാർ പ്രകാരം അവരെയും ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുക.
3. കൂട്ടുതണ്ടപ്പേരിൽ ഉൾപ്പെടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തെ വ്യക്തികളുടെ എണ്ണത്തിനാനുപാതികമായി ഭാഗിച്ച് ലാഭവിഹിതം നൽകുക
4. തണ്ടപ്പേരിൽ ഉൾപ്പെട്ടുവരുന്ന ഏതെങ്കിലും വ്യക്തി മരിച്ചു പോയിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ കുടുംബാംഗ സർട്ടിഫിക്കേറ്റ് വാങ്ങി ടി അവകാശികളെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ആനുപാതികമായി ചേർക്കുക.
5. ഗുണഭോക്താക്കളുടെ ലിസ്റ്റ് വില്ലേജ് ഓഫീസർക്ക് നൽകുകയാണെങ്കിൽ ഓരോ കേസിന്റെയും നിജസ്ഥിതി പ്രത്യേകമായി തയ്യാറാക്കി നൽകുന്നതാണെന്ന് വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസറുടെ അഭിപ്രായം അധികാരികമായി കണക്കാക്കാവുന്നതാണ്.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം**

**ഒപ്പ്**
**ലേഖ ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ്: **ചീഫ് എഞ്ചിനീയർ (റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ്)**

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടർ / ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ) ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)/ ഡയറക്ടർ (ജനറേഷൻ, ഇലക്ട്രിക്കൽ & എസ്.സി.എം)/ ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.ടി & എച്ച്.ആർ.എം.)/ ഡയറക്ടർ (ജനറേഷൻ (സിവിൽ)) എന്നിവരുടെ സാങ്കേതിക ഉപദേഷ്ടാക്കൾ, ഫൈനാൻസ് ഡയറക്ടറുടെ പി. എ., ചീഫ് വിജിലൻസ് ഓഫീസർ / ഭരണവിഭാഗം സെക്രട്ടറി എന്നിവരുടെ സീനിയർ സി.എ., ചീഫ് എഞ്ചിനീയർ (ഐ.ടി.),ഫൈനാൻഷ്യൽ അഡ്വൈസർ, ചീഫ് പെഴ്സണൽ ഓഫീസർ, ചീഫ് ഇൻേറണൽ ആഡിറ്റർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ലാൻഡ് മാനേജ്മെന്റ് യൂണിറ്റ്, ഫെയർ കോപ്പി സൂപ്രണ്ട്, ലൈബ്രറി, കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ**